**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നമ്പർ.4299**

**17.5.2017 ൽ മറുപടിക്ക്**

## കൊല്ലം കോടതി സമുച്ചയം നിർമ്മിക്കാൻ നടപടി

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. എം.മുകേഷ്** | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) കൊല്ലം സിവിൽ സ്റ്റേഷനിൽ പ്രവർത്തിച്ചുവരുന്ന കോടതി കെട്ടിടങ്ങളുടെ ശോചനീയാവസ്ഥയും അപര്യാപ്തതയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) യും (ബി) യും ഉണ്ട്.കൊല്ലം കോടതി സമുച്ചയ നിർമ്മാണം രണ്ടു വർഷത്തിനുള്ളിൽ തീർപ്പാക്കണമെന്ന വ്യവസ്ഥയിൽ കൊല്ലം താലൂക്കിലെ മുണ്ടക്കൽ വില്ലേജിൽ 38.16 ഏക്കർ സ്ഥലം ജൂഡീഷ്യറി വകുപ്പിന് അനുവദിച്ചിരുന്നു. എന്നാൽ W.P ( C) 7574/2011-ൽ ബഹു.ഹൈക്കോടതി 10.10.2011-ൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി കെട്ടിടത്തിന്റെ കല്ലിടിൽ നടന്നില്ല. ഇതിന്റെ അടിസ്ഥാനത്തിൽ കൊല്ലം ഈസ്റ്റ് വില്ലേജിലെ ബ്ലോക്ക് നമ്പർ 161-ൽ ഉൾപ്പെട്ട ആശ്രാമം ഗസ്റ്റ് ഹൗസിന് സമീപം സ്ഥലം ലഭ്യമാക്കണമെന്ന് രജിസ്ട്രാർ ആവശ്യപ്പെട്ടുവെങ്കിലും ഈ സ്ഥലം ടൂറിസം വകുപ്പിൽ നിന്നും ലഭ്യമാകാത്തതിനാൽ ആ സ്ഥലത്ത് കോടതി സമുച്ചയം നിർമ്മിക്കാമെന്ന നിർദ്ദേശം പ്രയോഗികമല്ലെന്ന് കണ്ടെത്തുകയും ചെയ്തു. സ്ഥലവുമായി ബന്ധപ്പെട്ട് കൊല്ലം സബ് കോടതിയിൽ ഒ.എസ് 813/09 നമ്പരിൽ ഒരു കേസ്സ് ഇതിനിടയിൽ ഉണ്ടാവുകയും എന്നാൽ ഈ കേസ് ഇപ്പോൾ തീർപ്പാവുകയും ചെയ്തിട്ടുണ്ട്. ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ കൊല്ലം കോടതി സമുച്ചയ നിർമ്മാണത്തിനായി സ്ഥലത്തിന്റെ ലഭ്യത ആവശ്യപ്പെട്ടുകൊണ്ടുള്ള latest report നൽകുവാൻ രജിസ്ട്രാറോട് സർക്കാർ ആവശ്യപ്പെട്ടിരിക്കുകയാണ്. |
| (ബി) കൊല്ലം കോടതി സമുച്ചയം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ? | |

സെക്ഷൻ ഓഫീസർ